


# അനുഗ്രഹഭാഷണം

എല്ലാ കർമ്മങ്ങളേയും ഭഗവത് അർപ്പണം ചെയ്യുക.



എല്ലാ മനുഷ്യരുടെയും ആത്യന്തികമായ ആഗ്രഹമായ മോക്ഷം അടയുന്നതിലേക്കായി ശാസ്ത്രങ്ങൾ പല സാധനകളെയും പ്രതിപാദിച്ചിട്ടുണ്ട്. വിവേകം-അഥവാ, ശാശ്വതവും നശ്വരമായതിനെയും അനശ്വരമായതി നെയും വേർതിരിച്ചു കാണുന്നതിനുള്ള വിവേചന ബുദ്ധി; അത് കഴിഞ്ഞ് വൈരാഗ്യം-നശ്വരമായതിൽനിന്നും വിമുഖത കാണിക്കുക, മനസ്സിനെ ഏകാഗ്രപ്പെടുത്തുക, ധ്യാനിക്കുക മുതലായവ.

ഇവയിൽ മനോനിയന്ത്രണം ഏറ്റവും പ്രമുഖമാണ്. എന്നാൽ വളരെ കുറച്ചുപേർക്ക് മാത്രമേ മനോനിയന്ത്രണം എളുപ്പത്തിൽ സാധിക്കുകയുള്ളു. ബഹുഭൂരിപക്ഷം ആൾക്കാർക്കും അത് വളരെ ബുദ്ധിമുട്ടുള്ളതാണ്. എപ്പോ ഴൊക്കെ ഭഗവത് ധ്യാനത്തിനായി ഇരിക്കുന്നുവോ മനസ്സ് പല സ്ഥലങ്ങളിലേക്കും വ്യാപരിക്കാൻ തുടങ്ങും. ഭഗവാൻ കൃഷ്ണൻ ഭഗവത് ഗീത യിൽ ആൾക്കാരോട്, ഇതിൽ യാതൊരു ജീവിക്കും വിഷമിക്കേണ്ട കാര്യമില്ല എന്നുപറഞ്ഞ് അവരെ പ്രചോദിപ്പിക്കുന്നുണ്ട്.

എങ്ങനെ സ്ഥിരമായി ശാശ്വതമായ പ്രയത്നത്തിലൂടെ അത് ആർജിക്കാം എന്ന് പറയുന്നു :

"അഥ ചിത്തം സമാധാതും ന ശക്നോഷിമയി സ്ഥിരം അഭ്യാസ യോഗേന തതോ മാം ഇച്ഛാപ്തും ധനഞ്ജയ".

അതായത് ഒരാൾക്ക് ഭഗവങ്കൽ മനസ്സിനെ ഉറപ്പിക്കാൻ സാധിക്കാത്ത പക്ഷം അതിലേയ്ക്കായി വീണ്ടും വീണ്ടും നിരന്തരമായി പരിശ്രമിക്കുക. മനസ്സ് എല്ലാവിധ വിഷയങ്ങളിലും വ്യാപരിച്ചുകൊണ്ടിരിക്കുന്നതിനാൽ ചിലർക്ക് ഈ അഭ്യാസംതന്നെ വളരെ ശ്രമകരമാണ്.



(Jagadguru Śankarācārya His Holiness Jeśta Mahāsannidhānam Śrī Abhinava Vidyatirtha Mahaswamiji and Jagadguru Śankarācārya His Holiness Mahāsannidhānam Śrī Śrī Srī Bhāratī Tirtha Mahāswāmiji )

അതായത് നിരന്തര പരിശ്രങ്ങളിലൂടെ മനസ്സ് ഏകാഗ്രതപ്പെടുത്താനോ നിയന്ത്രണത്തിൽ കൊണ്ടുപോരാനോ സാധിക്കുന്നില്ലെങ്കിൽ ഭഗവങ്കൽ വിചാരിച്ച് എല്ലാ കർമ്മങ്ങളെയും ഭഗവതർപ്പണമായിക്കൊണ്ട് ചെയ്യുക. അങ്ങനെ ചെയ്യുന്നപക്ഷം ശുദ്ധി അടയുന്നതായിരിക്കും.

യാതൊരാൾ സദാ ഭഗവാനെക്കുറിച്ച് വിചാരിക്കുകയും തന്റെ എല്ലാ കാര്യങ്ങളും എല്ലാ കൃത്യങ്ങളും എല്ലാ കർമ്മങ്ങളും ഭഗവാനിലേയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുവോ, അദ്ദേഹം തൃപ്തനും സന്തോഷവാനുമായിരിക്കും. ഗുരുകടാക്ഷത്താൽ അദ്ദേഹം ഓരോ പടിയും കടന്ന് മോക്ഷത്തെ അടയുന്നതും ആയിരിക്കും. ഈ തത്വം മനസ്സിലാക്കുന്നതിലേക്ക് അത് സാധകമായിട്ട് അനുഷ്ഠിക്കുന്നതിലേക്ക് ആയിട്ട് നാം എല്ലാവിധ അനുഗ്രഹവും നൽകുന്നു.

# The Path of Dharma Śāstra

**ധർമ്മശാസ്ത്രത്തിന്റെ മാർഗ്ഗം**

ചോദ്യോത്തര രൂപത്തിൽ ധർമ്മശാസ്ത്രത്തിന്റെ മാർഗ്ഗം നമുക്ക് നോക്കാം. നമുക്ക് ധർമ്മശാസ്ത്രത്തെക്കുറിച്ച് ഉണ്ടാകുന്ന സംശയം, തേനിയിലെ വേദപുരിയിൽ ഉള്ള ശ്രീ സ്വാമി ചിത്ഭവാനന്ദ ആശ്രമത്തിന്റെ സ്ഥാപകനായ പരമപൂജ്യ ശ്രീ സ്വാമി ഓംകാരാനന്ദ സരസ്വതി വൈദിക ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നിവൃത്തി ചെയ്തുതരുന്നു.



നമസ്കാരം സ്വാമിജി, ദയവായി കൃപയുണ്ടായി ഞങ്ങളുടെ സംശയങ്ങൾ ദൂരീകരിച്ച് ആധ്യാത്മികമായ മാർഗത്തിൽ ശരിയായ വഴിയിൽ ഞങ്ങളെ നയിച്ച് ആത്യന്തിക ലക്ഷ്യം അടയുവാൻ ഞങ്ങളെ സഹായിച്ചാലും.

**1. ധർമ്മശാസ്ത്രം എന്നാൽ എന്ത് ?**

ധർമ്മം എന്നുള്ള വാക്കിന് ഒരുപാട് അർത്ഥങ്ങളുണ്ട്. ചതുർവിധ പുരുഷാർത്ഥങ്ങളിൽ ഒന്ന് ധർമ്മമാണ്. (ധർമ്മ അർത്ഥം കാമം മോക്ഷം) മനുഷ്യ അന്വേഷണങ്ങളിൽ കർമ്മം എന്നാൽ പുണ്യമാണ്. ധർമ്മത്തെ നിർവചിക്കുന്നത് തന്നെ ലോകത്തിന്റെ സന്തുലിതാവസ്ഥയെ പരിപാലിക്കുന്ന ഒന്നായിട്ടാണ്. (ധാരണാത് ധർമ്മ ഇത്യാഹു:).

ധർമ്മത്തെകൊണ്ട് നമ്മുടെ കർത്തവ്യങ്ങൾ, അനുഷ്ഠാനങ്ങൾ, ആഭിമുഖ്യം, മൂല്യം എന്നിവയെ സൂചിപ്പിക്കുന്നു. ധർമ്മത്തെ ഇങ്ങനെയും നിർവചിക്കാം. യാതൊന്നാണോ നമ്മുടെ ജീവിതത്തിൽ നമ്മെ നേർ വഴിക്കു നയിച്ച്, അരുതുന്നതും അരുതാത്തതും ഏതൊക്കെ എന്ന് നിർവചിച്ച്, നമ്മുടെ ഉള്ളിൽ ശരിചെയ്യാൻ പ്രചോദിപ്പിച്ച് തെറ്റിൽനിന്നും നമ്മെ വിമുഖരാക്കുന്നുവോ അതിനെ ധർമ്മം എന്ന് നിർവചിക്കാം. (ചോദനാ ലക്ഷണാർത്ഥോ ധർമ്മ).

യാതൊന്നു സർവ്വോത്ക്കൃഷ്ടമായതിനെ പഠിപ്പിക്കുകയും ഏതൊരാൾക്കും സംരക്ഷണം നൽകുകയും ചെയ്യുന്നുവോ അതിനെ ശാസ്ത്രം എന്ന് നിർവചിക്കാം. (ഹിതം ശാസ്തി ദുഖാത് ത്രായതെ ഇതി ശാസ്ത്രം). ധർമ്മത്തെ സാമാന്യധർമ്മം എന്നും വിശേഷധർമ്മമെന്നും രണ്ടായി തിരിക്കാം. മനുഷ്യന്റെ ഉള്ളിൽ ഉള്ള ജീവനെ അഭിസംബോധന ചെയ്യുകയും ശരിയായ മാർഗ്ഗത്തിലൂടെ നയിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളെ ധർമ്മശാസ്ത്രം എന്നുപറയുന്നു. ധർമ്മത്തിന്റെ പ്രാഥമിക സ്രോതസ്സ് വേദങ്ങളുടെ പ്രാരംഭ ഭാഗമായ കർമ്മകാണ്ഡത്തിൽ വിവരിക്കുന്നു. (ധർമ്മ ജ്ഞാന സാധന, അഥവാ ധർമ്മ പ്രമാണം).



സ്മൃതി, ഇതിഹാസങ്ങൾ, പുരാണങ്ങൾ ഇവയുടെ ആത്യന്തികമായ ഉദ്ദേശം ധർമ്മത്തെ പ്രതിപാദിക്കുക എന്നുള്ളതാണ്. മാനവ ശരീര
മെടുത്ത എല്ലാ ജീവന്റെയും കർത്തവ്യം ധർമ്മശാസ്ത്രത്തിന്റെ തത്വം അറിയുകയും അതനുസരിച്ച് ജീവിക്കുകയും തന്മൂലം യഥാർത്ഥ ശാന്തിയും ആനന്ദവും അടയുക എന്നുള്ളതാണ്. നമ്മുടെ ചിന്തകളെയും വാക്കുകളെയും പ്രവർത്തനങ്ങളെയും ശരിയായ രീതിയിൽ വഴിതെളിക്കുകയാണ് ധർമ്മത്തിന്റെ ഉദ്ദേശം. ധാർമ്മീകമായ കാര്യങ്ങൾമൂലം ആർജ്ജിക്കുന്ന പുണ്യം അഗോചരം ആണ്. സാമാന്യബുദ്ധികൊണ്ട് ഒരാൾക്ക് അരുതുന്നതും അരുതാത്തതും തമ്മിൽ വേർതിരിച്ച് അറിയാൻ സാധിക്കും. എങ്കിലും അത് പ്രായോഗികം ആക്കുന്നില്ല. ആയതിനാൽ ധർമ്മഗ്രന്ഥങ്ങളിൽ പ്രതിപാദിച്ച വാക്കുകൾ പാലിക്കുക എന്നുള്ളത് മുഖ്യമാണ്.

"യ: ശാസ്ത്രവിധി മുത്സൃജ്യ വർത്തതേ കാമ കാരതഹ ന സ സിദ്ധിം അവാപ്നോതി ന സുഖം ന പരാം ഗതിം. തസ്മാത് ശാസ്ത്രം പ്രമാണം തേ കാര്യകാര്യ വ്യവസ്ഥിതൗ ജ്ഞാത്വാ ശാസ്ത്രവിധാനോക്തം കർമ്മകർതുമിഹാർഹസി"

ഭഗവാൻ ശ്രീകൃഷ്ണൻ അരുളിച്ചെയ്യുന്നു : "യാതൊരുവൻ
ശാസ്ത്രം നിഷ്കർഷിക്കുന്ന പ്രമാണങ്ങളെ നിരാകരിച്ച് അപ്പോൾ

തോന്നുന്ന ആഗ്രഹങ്ങൾക്കനുസൃതമായ മനോഗതിക്കനുസരിച്ച് ജീവിക്കുന്നുവോ, ആ ആൾ ഒരിക്കലും ശുദ്ധിയോ ആനന്ദമോ കൈവരിക്കുന്നില്ല. അയാൾ പരമമായ ആത്യന്തിക ലക്ഷ്യത്തെ



പ്രാപിക്കുന്നും ഇല്ല. ആയതിനാൽ അരുതുന്നതും അരുതാത്തതും വേർതിരിച്ചറിയുന്നതിലേക്ക് ശാസ്ത്രപ്രതിപാദിതമായ അറിവ്, അഥവാ ജ്ഞാനമാണ് മാർഗ്ഗനിർദ്ദേശം ചെയ്യുന്നത്. ശാസ്ത്രനിർദ്ദേശങ്ങളെ അറിഞ്ഞ് അവരവരുടേതായ ധർമ്മം അനുഷ്ഠിക്കേണ്ടതാണ്.

**2. ശാസ്ത്രത്തെ അനുസരിക്കാൻ യോഗ്യതയുള്ളവർ ആരാണ് ?**

മനുഷ്യശരീരമെടുത്ത എല്ലാ ജീവനും ശാസ്ത്ര നിർദ്ദേശങ്ങളെ അനുസരിച്ച് ജീവിക്കാൻ യോഗ്യരാണ്. എല്ലാവിധ പശ്ചാത്തലമുള്ളവർക്കും അനുയോജ്യമായ സാമാന്യവും വിശേഷവുമായ നിയമങ്ങളും നിയന്ത്രണങ്ങളും ശാസ്ത്രം പ്രതിപാദിക്കുന്നു.

**3.ശാസ്ത്രത്തെ അനുസരിക്കുന്നതിന് ഏതെങ്കിലും പ്രായപരമായോ ലിംഗപരമായോ ഉള്ള യോഗ്യതയോ വേണ്ടതുണ്ടോ ? അഥവാ മറ്റു നിയന്ത്രണങ്ങൾ ഉണ്ടോ ?**

അതെ, സാമാന്യധർമ്മം എല്ലാവർക്കും പൊതുവിൽ ഉള്ളതാ ണ്. എന്നാൽ വിശേഷധർമ്മങ്ങൾക്ക് ചില നിയന്ത്രണങ്ങൾ ഒക്കെയുണ്ട്. വൈദിക പരമ്പരയനുസരിച്ച് ഒരു കുഞ്ഞു ജനിക്കുന്നതിനു മുൻപുതന്നെ വിവിധങ്ങളായ ആചാരാനുഷ്ഠാനങ്ങൾ അനുഷ്ഠിക്കപ്പെടുന്നു. ഒരു കുഞ്ഞു ജനിച്ചാൽ ജാതകർമ്മം മുതൽക്കുള്ള ആചാരങ്ങളും കർമ്മങ്ങളും അനുഷ്ഠിക്കുന്നു. ലിംഗഭേദങ്ങൾക്കനു സരിച്ചും അവസ്ഥക്കനുസരിച്ചും വിശേഷധർമ്മങ്ങളും അനുഷ്ഠാനങ്ങളും പ്രതിപാദ്യമാണ്. ഉദാഹരണത്തിന് ബ്രഹ്മചാരിക്കും ഗൃഹസ്ഥനും അനുഷ്ഠിക്കേണ്ടതായ ധർമ്മം വേറെ വേറെയാണ്.വാനപ്രസ്ഥനും സന്യാസിക്കുമുള്ള ജീവിതചര്യ തികച്ചും വ്യത്യസ്തമാണ്.

# ||आत्मबोध:||

**||ātmabodha:||**

**तपोभिः क्षीणपापाणां शान्तानां वीतरागिणाम् ।**
**मुमुक्षूणामपेक्ष्योऽय-मात्मबोधो विधीयते ॥ १॥**



തപോഭിഃ ക്ഷീണപാപാണാം ശാന്താനാം വീതരാഗിണാം .
മുമുക്ഷൂണാമപേക്ഷ്യോ്യ-മാത്മബോധോ വിധീയതേ .. 1..

ഞാൻ ആത്മബോധം രചിക്കുന്നു — തപസുകളാൽ പാപങ്ങൾ ക്ഷയിച്ചവർക്കും, ശാന്തരായ ഹൃദയവും സമാധാനമുള്ളവർക്കും, രാഗദ്വേഷങ്ങൾ വിട്ടവർക്കും, മോക്ഷം കൊതിക്കുന്നവർക്കും വേണ്ടി.

Jagadguru Śankarācārya His Holiness Mahāsannidhānam Śrī Śrī Srī Bhāratī Tirtha Mahāswāmiji (file photo)

**बोधोऽन्यसाधनेभ्यो हि साक्षान्मोक्षैकसाधनम् ।**
**पाकस्य वह्निवज्ज्ञानं विना मोक्षो न सिध्यति ॥ २ ॥**

ബോധോ്ന്യസാധനേഭ്യോ ഹി സാക്ഷാന്മോക്ഷൈകസാധനം .
പാകസ്യ വഹ്നിവജ്ജ്ഞാനം വിനാ മോക്ഷോ ന സിധ്യതി .. 2 ..

പാചകത്തിനായി അഗ്നി നേരിട്ടുള്ള കാരണമാണതുപോലെ, മോക്ഷത്തിനായി ആത്മജ്ഞാനം മാത്രമാണ് നേരിട്ട് കാരണമായുള്ളത്. മറ്റെല്ലാ ശാസനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴും, ആത്മജ്ഞാനമാണ് മോക്ഷത്തിലേക്കുള്ള ഏക മാർഗം.

**अविरोधितया कर्म नाऽविद्यां विनिवर्तयेत् ।**
**विद्याविद्यां निहन्त्येव तेजस्तिमिरसङ्घवत् ॥ ३ ॥**

അവിരോധിതയാ കർമ നാ്വിദ്യാം വിനിവർതയേത് .
വിദ്യാവിദ്യാം നിഹന്ത്യേവ തേജസ്തിമിരസംഘവത് .. 3 ..

കർമ്മം അവിദ്യയെ നീക്കുകയില്ല, കാരണം അതിന് അവിദ്യയോട് വിരോധമില്ല. എന്നാൽ ജ്ഞാനം അവിദ്യയെ നശിപ്പിക്കുന്നു — പ്രകാശം ഇരുട്ടിനെ അകറ്റുന്നതുപോലെ..(Will continue….)

# Pooja Vidhānam.

## പൂജാവിധാനം



അനേക ജന്മങ്ങളുടെ പുണ്യഫലമായിട്ടാണ് നമ്മൾ അതിദുർലഭമായ മനുഷ്യജന്മം എടുത്തിട്ടുള്ളത്. വരാനിരിക്കുന്ന ജന്മങ്ങൾക്ക് നമ്മെ യോഗ്യരാക്കുക എന്നുള്ളത് നമ്മുടെ പ്രധാന കർത്തവ്യമാണ്. അടുത്തതും മനുഷ്യജന്മമായിരിക്കും എന്നതിന് യാതൊരു ഉറപ്പും ഇല്ല. അടുത്ത മനുഷ്യജന്മം ഉടനെ ലഭിക്കും എന്നുള്ളതിനും യാതൊരുറപ്പും ഇല്ല. എല്ലാം നമ്മൾ മുൻപ് അനുഷ്ഠിച്ചതും ഇപ്പോൾ അനുഷ്ഠിക്കുന്നതുമായ കർമ്മങ്ങൾക്കനുസൃതമായിരിക്കും. ഈ സംസാരസാഗരത്തെ തരണം ചെയ്യുന്നതിനും, ജനന മരണ ചക്ര പ്രയാണം സുഗമമാക്കുന്നതിനും ഇപ്പോൾ ലഭിച്ച മനുഷ്യജന്മം ശരിയായ രീതിയിൽ വിനിയോഗിക്കേണ്ടതുണ്ട്.

ആയതിലേയ്ക്കായി നമ്മുടെ പൂർവ്വികർ സുഗമമായ മാർഗ്ഗം നമുക്കായി ഒരുക്കിയിട്ടുണ്ട്. ആ മാർഗ്ഗം സ്വീകരിച്ച്, അതിലൂടെ സഞ്ചരിക്കുകയാണെങ്കിൽ നമ്മൾ സുരക്ഷിതരും, യാത്ര സുഖകരവും, സംസാരസാഗര തരണം ആനന്ദകരവും ആയിരിക്കും. ആയതിലേക്ക് നാം ചെയ്യേണ്ടുന്ന ഏക കാര്യം "നമ്മുടെ പൂർവ്വീകർ കാണിച്ച മാർഗ്ഗത്തെ അനുഗമിക്കുക എന്നതാണ്. ഇതിന് ഗുരുവിന്റേയും ശാസ്ത്രത്തിന്റേയും വാക്കുകളിലുള്ള ദൃഢവിശ്വാസവും ആസ്ഥയും വേണ്ടതുണ്ട്.നമ്മുടെ പരിമിതമായ അറിവുകൊണ്ട് നമ്മുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തുവാനുള്ള കഴിവ് ഇല്ല താനും. മാത്രമല്ല, ആ പരിഹാരങ്ങൾ ശരിയോ തെറ്റോ എന്ന് മുൻകൂട്ടി തീരുമാനിക്കുവാനും സാധിക്കില്ല. അതിനാൽ ശരിയായ ദൃഢവിശ്വാസത്തോടെ നമ്മുടെ പൂർവ്വീകരുടെ മാർഗ്ഗം അനുഗമിക്കുകയാണെങ്കിൽ ആശയക്കുഴപ്പം ഒഴിവാക്കി ലക്ഷ്യപ്രാപ്തി സുനിശ്ചിതമാക്കാൻ സാധിക്കും. ഇതിന് ദൈനംദിന ജീവിതശൈലിയിൽ ചില കാര്യങ്ങൾ പാലിക്കേണ്ടതുണ്ട്.

ഈ ഭാഗത്തിൽ : "പൂജാവിധാനത്തിന്റെ പ്രാധാന്യം" മനസ്സിലാക്കാം. ആചാര്യപാദകമലത്തിൽ ഈ ഉദ്യമത്തിൽ നമ്മെ അനുഗ്രഹിക്കുന്നതിലേക്കായി പ്രാർത്ഥിക്കാം. "കർമ്മം" എന്നാൽ "പ്രവൃത്തി" എന്നാണ് വാക്ക്യാർത്ഥം. ബോധത്തെ നിയന്ത്രിക്കുന്ന, കാര്യ കാരണങ്ങൾ, പ്രവർത്തി - പ്രതികരണം എന്ന സാർവത്രികതത്വമാണതിന്റെ വിശാലാർത്ഥം.

കർമ്മം എന്നതുകൊണ്ട് പൂർവ്വജന്മത്തിൽ ചെയ്തതും ഇപ്പോൾ ചെയ്യുന്നതും നമ്മുടെ ഭാവി നിശ്ചയിക്കുന്നതുമായ നമ്മുടെ പ്രവൃത്തികളെയും, അതിന്റെ സ്വാഭാവികമായ പ്രതികരണങ്ങളേയും ആണ് സൂചിപ്പിക്കുന്നത്. വിവേചനാ ബുദ്ധിപൂർവ്വമായ പ്രവൃത്തികൊണ്ടും ആസക്തിയില്ലാത്ത പ്രതികരണങ്ങൾകൊണ്ടും കർമ്മത്തെ കീഴ്പ്പെടുത്തുവാൻ കഴിയും. എല്ലാ കർമ്മങ്ങളും ഉടനടി തിരിച്ചടിക്കണ മെന്നില്ല. അവ സഞ്ചിതമായിട്ട്, യാദൃശ്ചികമായി ഈ ജന്മത്തിലോ മറ്റു ജന്മങ്ങളിലോ തിരികെ വരാം. മനുഷ്യജന്മത്തിൽ നാല് വിധത്തിലാണ് കർമ്മം ഉത്ഭവിക്കുന്നത്. (തുടരും.......)

Our Website link : https://voiceofjagadguru.com/voj/

Telegram Channel : https://t.me/voiceofjagadguru

Instagram Channel :

https://www.instagram.com/stories/voice_of_jagadguru_voj/3601249542534134684?igsh=MW90YW13N2c5b2hqaA==

WhatsApp Community Channel: https://chat.whatsapp.com/Ly4wlaTu8Kc3sjjEYU8KGu

YouTube Channel : https://youtube.com/@jagad-guru-channel?si=brkLFqiz8sZJ6UIl

Facebook link : https://www.facebook.com/share/1Du5xkve4e/

Internet Archi




| Editorial Board | | |
|---|---|---|
| Sri P A Murali | Hon' Advisor | Administrator & CEO, Sri Sringeri Mutt & It's Properties, Sringeri |
| Sri S N Krishnamurthy | Hon' Editor | Sri Sringeri Mutt, Sringeri |
| Sri Tangirala Shiva Kumara Sharma | Hon' Editor | Sri Sringeri Mutt, Sringeri |
| Sri B Vijay Anand | Web Director | Coimbatore |
| Smt B Srimathi Veeramani | Web Asst Director & Chief Editor | Tirunelveli |
| Sri K M Kasiviswanathan | Hon' Editor | Tirunelveli |
| Sri Sriram | Writer/Translator | Tiruvandapuram |